**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 420** **20-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥി കേന്ദ്രീകൃത പഠന ബോധന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ഡോ സുജിത് വിജയൻപിള്ള** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ രംഗത്ത് അക്കാദമിക നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്തർദേശീയ തലത്തിലേയ്ക്ക് ഉയർത്തുന്നതിനായുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കുന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. പ്രധാനപ്പെട്ട അക്കാദമിക പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാനുകൾ പുനർവായന നടത്തുന്നതിനുള്ള "അക്കാദമിക മാസ്റ്റർ പ്ലാൻ ഘട്ടം - 2" മാർഗരേഖ എസ്.സി.ഇ.ആർ.ടി വികസിപ്പിച്ചു. ഈ അക്കാദമിക വർഷം മുതൽ അക്കാദമിക മാസ്റ്റർപ്ലാനുകൾ അടിസ്ഥാനമാക്കി സമയക്രമം നിശ്ചയിച്ച് പ്രവർത്തന പദ്ധതികളാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.<br>2. മെന്ററിങിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം കൈറ്റ് വികസിപ്പിച്ച് ട്രയൽ പ്രവർത്തനങ്ങൾ നടത്തി മെച്ചപ്പെടുത്തലുകൾ വരുത്തി. മെന്ററിങ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അദ്ധ്യാപക പരിശീലനത്തിൽ ഇക്കാര്യം ഉൾപ്പെടുത്തുവാനും ഇതിനായി SCERT ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.<br>3. **കോവിഡ് മഹാമാരിക്കാല ഘട്ടത്തിലും നിരവധി പുതിയ അക്കാദമിക** |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.<br><br>• ഫസ്റ്റ് ബെൽ ക്ലാസ്സുകൾ<br>• ഉല്ലാസഗണിതം<br>• ഗണിതവിജയം<br>• സ്കൂൾ വെതർ സ്റ്റേഷൻ<br>• ലേണിങ് വെബ്പോർട്ടൽ<br>• ഇ-ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ്<br>• പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ<br>• ഊരുവിദ്യാകേന്ദ്രങ്ങൾ<br>• ടാലന്റ് ലാബ്<br>• ടിങ്കറിങ് ലാബ്<br>• സ്റ്റാർസ് (STARS -Strengthening, Teaching- Learning and Results for States)<br>• ശലഭപ്പാർക്ക്<br>• സത്യമേവ ജയതേ<br>• ജി - സ്യൂട്ട് പ്ലാറ്റ്ഫോം<br><br>4. സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ, കൈറ്റ്, ഡയറ്റുകൾ എന്നിവയുടെ നേതൃത്വത്തിൽ അധ്യാപക ശാക്തീകരണ പരിപാടികൾ നടത്തി.<br><br>5. പ്രത്യേക ശ്രദ്ധയർഹിക്കുന്ന പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾ, ഭിന്നശേഷിക്കാരായ കുട്ടികൾ, പഠന പിന്നാക്കാവസ്ഥ അഭിമുഖീകരിക്കുന്ന SC/ST കുട്ടികൾ തുടങ്ങിയവർക്കായി പ്രത്യേക പദ്ധതി<br><br>6. കുട്ടികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ/ ക്ലാസ്സ് ലൈബ്രറികളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികളെ എഴുത്തിലേക്കും വായനയിലേക്കും ആകർഷിക്കുന്നതിനായി 'വായന ചങ്ങാത്തം' പരിപാടി നടത്തി ഓരോ കുട്ടിയുടെയും വീട്ടിൽ ഹോം ലൈബ്രറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ 'എഴുത്ത് പച്ച' എന്ന പേരിൽ പുസ്തക രൂപത്തിലാക്കി. |
| (ബി) | പഠന ബോധന പ്രവർത്തനങ്ങൾ വിദ്യാർത്ഥി കേന്ദ്രീകൃതമായിരിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ | (ബി) | പഠനബോധന പ്രവർത്തനങ്ങൾ മികച്ചരീതിയിൽ വിദ്യാർത്ഥി കേന്ദ്രീകൃതമായി നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |

| | | | |
|---|---|---|---|
| | എന്തെല്ലാമെന്ന് അറിയിക്കാമോ; പൊതു പരീക്ഷയുടെ ചോദ്യ പേപ്പറുകൾ വിലയിരുത്തുന്നതിൽ വിദ്യാർത്ഥികൾക്ക് കൂടി പങ്കാളിത്തം നൽകി പരീക്ഷാ മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | | പൊതുപരീക്ഷയുടെ ചോദ്യപേപ്പറുകൾ വിലയിരുത്തുന്നതിൽ വിദ്യാർത്ഥികൾക്ക് കൂടി പങ്കാളിത്തം നൽകി പരീക്ഷാ മൂല്യനിർണയം കൂടുതൽ ശാസ്ത്രീയമാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. |
| (സി) | നിരന്തര മൂല്യനിർണ്ണയ പ്രക്രിയ ശാസ്ത്രീയമാക്കാനും വസ്തുനിഷ്ഠമെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | നിരന്തര മൂല്യനിർണ്ണയ പ്രക്രിയ ശാസ്ത്രീയമാക്കാനും വസ്തുനിഷ്ഠമാക്കാനും ഉതകുന്ന പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ